*Celebrating Extraordinary Missionary Month October 2019…*

**Saturday, 5 October 2019**

**ഏലിയാ.. നാലാം ശനി**

**Lk 10:17-20 എഴുപത്തി രണ്ടു പേർ മടങ്ങിയെത്തുന്നു.**

Fr. Winson Moyalan CMI

ലൂക്കാ പത്താം അദ്ധ്യായം ആരംഭിക്കുന്നത് 72 പേരെ പ്രേഷിത പ്രവർത്തനത്തിനായി തിരഞ്ഞെടുത്തയക്കുന്ന ഭാഗം വായിച്ചു കൊണ്ടാണ്.
ഇന്ന് ആ 72 പേർ മടങ്ങിയെത്തി യേശുവിന്റെ മുമ്പിൽ അനുഭവം പങ്കു വയ്ക്കുകയാണ്. പ്രേഷിത പ്രവർത്തനത്തിലെ എതിർപ്പിന്റേയും സ്വീകാര്യത്തിന്റെയും കഥകളാണ് അവർ വിവരിക്കുന്നത്. എന്നാൽ പിശാചിന്റെ പ്രതിരൂപങ്ങളായ സർപ്പങ്ങളുടേയും തേളുകളുടേയും മീതെ ചവുട്ടി നടക്കാൻ യേശു അവർക്ക് അധികാരം നല്കുകയാണ്.
അത് സങ്കീർത്തനശൈലിയാണ്: "സിംഹത്തിന്റേയും അണലിയുടേയും മേൽ നീ ചവുട്ടി നടക്കും.
യുവസിംഹത്തേയും സർപ്പത്തേയും നീ ചവുട്ടി മെതിക്കും.

അവൻ സ്നേഹത്തിൽ എന്നോട് ഒട്ടി നിന്നതിനാൽ ഞാൻ അവനെ രക്ഷിക്കും. അവൻ എന്റെ നാമം അറിയിച്ചതിനാൽ ഞാൻ അവനെ സംരക്ഷിക്കും." (സങ്കീ 91:13-14)

യേശുവിന്റെ നാമത്തിലായതിനാൽ പിശാചുക്കളുടെ മേലുള്ള പ്രേഷിതന്റെ വിജയം യേശുവിന്റെ തന്നെ വിജയമാണ്. ജീവന്റെ പുസ്തകത്തിൽ, അതായത് യേശുവിന്റെ പ്രിയപ്പെട്ടവരുടെ കൂട്ടത്തിൽ പേരെഴുതി ചേർക്കപ്പെട്ടിരിക്കുന്നു എന്നതിലാണ് ഒരു പ്രേഷിതന്റെ സന്തോഷം കുടികൊള്ളേണ്ടത്.

സ്വന്തം കഴിവിൽ ആശ്രയിച്ചു കൊണ്ടല്ല, ദൈവത്തോടൊപ്പം ചേർന്നിരുന്നു കൊണ്ടുള്ള പ്രഘോഷണമാണ് നൂറ് മേനി ഫലം അണിയിക്കുക.

*Published by*
CMI General Department of Evangelization and Pastoral Ministry